# ധനവാനും ലാസറും

## ലൂക്ക് 16: 19-31

ലൂക്കായുടെ സുവിശേഷം 16 അധ്യായതില് രണ്ടു ഉപമകളാനുള്ളത്; അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമയും, ധനവാന്റെയും ലാസറിന്റെയും ഉപമയും.
സമ്പത്ത് എന്താണ് എന്നും, സമ്പത്ത് എങ്ങനെ കൈകാര്യം ചെയ്യണം എന്നും ഈ സുവിശേഷ ഭാഗങ്ങളില് ഈശോ വ്യക്തമായി പഠിപ്പിക്കുന്നു.

ഇന്ന് നമ്മുടെ ചിന്തക്ക് വിഷയീഭവിച്ചിരിക്കുന്ന ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ സമ്പത്ത് എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് എന്നും, സമ്പത്ത് നിത്യരക്ഷക്ക് വിഘാതമായി മാറുന്നത് എങ്ങനെ ആണെന്നും ഈശോ നമ്മെ പഠിപ്പിക്കുന്നു.

ധനവാന് എന്തെങ്കിലും തിന്മ പ്രവര്ത്തിച്ചതായി വിശുദ്ധ ഗ്രന്ഥം രേഖപ്പെടുത്തിയിട്ടില്ല. തിന്മ പ്രവര്ത്തിക്കുക മാത്രമല്ല, ചെയ്യേണ്ട നന്മ ചെയ്യാതിരിക്കുന്നതും പാപമാണെന്നതാണ് തിരുസഭയുടെ ഔദ്യോഗിക പ്രബോധനം. അങ്ങനെയെങ്കില് ഈ ധനവാനും ദൈവതിരുമുന്പില് ഒരു പാപിയാണ്. ഈ പാപമാണ് അവനെ നരകാഗ്നിക്ക് വിധേയനാക്കിയതും.

രണ്ടു ജീവിതരീതികളെ ഇന്നത്തെ സുവിശേഷം വരച്ചുകാണിക്കുന്നു. ഒരുവന് ചുവന്ന പട്ടു ധരിച്ച് സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുന്നവന്...., അപരന് വ്രണബാധിതനായി ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാതെ വഴിയോരത്ത് കിടക്കുന്നവന്.

യേശുക്രിസ്തുവിന്റെ സുവിശേഷം ഇന്നലെയും ഇന്നും എന്നും ഒന്ന് തന്നെ ആണ്. ഇന്നലെകളില് ജീവിച്ച ഒരു ലാസരിനെയും ധനവാനെയും കുറിച്ചല്ല, ഇന്നത്തെ നമ്മുടെ ജീവിതത്തെയാണ് നാം നമ്മുടെ ചിന്തക്ക് വിഷയീഭവിച്ചിക്കേണ്ടത്.

ചിലര് പറഞ്ഞുകേട്ടിട്ടുണ്ട്, അയ്യോ... അങ്ങനെയോ.... അതായിരുന്നോ അവന്റെ അവസ്ഥ. പറച്ചില് കേട്ടാല് തോന്നും അവന് അത് അറിഞ്ഞിരുന്നുവെങ്കില് അവന് സഹായിക്കുമായിരുന്നു എന്ന്. പലപ്പോഴും ഈ പറച്ചില് ഒരു മുതലകണ്ണ്നീര് മാത്രമായിരിക്കും. നമ്മുടെ ജീവിതം വിലയിരുത്തിയാല് ഒരുപക്ഷേ ഈ ധനവാന്റെ അവസ്ഥയില് നിന്നും വിഭിന്നരല്ല നാം എന്ന് തോന്നിപോകും. നമ്മുടെ സഹായം അര്ഹിക്കുന്നവര്, പ്രതിക്ഷിക്കുന്നവര്.... ഇങ്ങനെ പലരും നമ്മുടെ മുന്നിലൂടെ കടന്നുപോയാലും ഞാന് ഒന്നും അറിഞ്ഞില്ല രാമാ നാരായണ

എന്നാ ഭാവത്തില് നമ്മളും മുഖം വെട്ടിച്ച് കടന്നുപോകുന്നുവെങ്കില് നമ്മളും ഈ ധനവാനില് നിന്നും വ്യത്യസ്തരല്ല എന്ന് നാം ഓര്ക്കണം.

സ്കൂളില് പഠിക്കുമ്പോള് ഒരു കവിത പടിച്ചതോര്ക്കുന്നു. കവിതയുടെ പേര് "വായ്ക്കരി" എന്നാണെന്ന് തോന്നുന്നു. പ്രശസ്തമായ ഒരു കുടുംബത്തില് ഒരു കാരണവര് മരിച്ചു. ശവദാഹതിന് സമയമായപ്പോള് സ്ഥലത്തെ മുഖ്യന്മാര് മുന്േപാട്ടുവന്ന് മരണപെട്ട വ്യക്തിയുടെ ഭാര്യയോട് വായ്ക്കരിയിടാന് ഒരു പിടി അരി കൊണ്ടുവരാന് ആവശ്യപെട്ടപ്പോള് അവള് കൊടുക്കുന്ന മറുപടി നമ്മെ ചിന്തിപ്പിക്കേണ്ട ഒന്നാണ്. ഒരു പിടി അരി ഇവിടെ ഉണ്ടായിരുന്നെങ്കില് എന്റെ ഭര്ത്താവ് മരിക്കുകയില്ലായിരുന്നു.

ഉള്ളത് ഇല്ലാതവനുമായി പങ്ക് വയ്ക്കുക എന്നത് ഒരു സുവിശേഷമൂല്യമാണ്. ധനവാന് തന്റെ സ്വത്ത് ദരിദ്രനുമായി പങ്ക് വെക്കുന്നതില് പരാജയപെട്ടു. നാം ഏതു മേഖലയില് ആണ് പരാജയപെട്ടതെന് നമ്മള് ഓരോരുത്തരും ആത്മാര്ത്ഥമായി ധ്യാനിച്ച് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സഹായവും സ്േനഹവും അര്ഹിക്കുന്ന വ്യക്തികളെ അന്വേഷിച്ചു നാം ദൂരെ എങ്ങും പോകേണ്ട ആവശ്യമില്ല. നമ്മുടെ മാതാപിതാക്കള്, സഹോദരീസഹോദരങ്ങള്, ജീവിതപങ്കാളി, മക്കള്... അവര് നമ്മില് നിന്നും എന്ത് പ്രതീക്ഷിക്കുന്നു, അവരുടെ പ്രതീക്ഷകളെ നമ്മള് തകിടം മറിച്ച് സ്വാര്ത്ഥതാല്പര്യത്തോടെ നമ്മള് ജീവിക്കുന്നുവെങ്കില്, ധനവാന്റെ ദുര്വിധി ആയിരിക്കും നമ്മുടേതും എന്നത് തര്ക്കമറ്റ വിഷയമാണ്.

ഈശോ ഇന്നത്തെ സുവിശേഷ ഭാഗത്ത് നമ്മോട് ആവശ്യപെടുന്നത് ഒന്ന് മാത്രം. നിനക്ക് ഉള്ളത് ഇല്ലാതവനുമായി പങ്കു വയ്ക്കുക. നിന്റെ സമയവും സമ്പത്തും കഴിവും എല്ലാം ദൈവ ദാനം ആണെന്ന് ഉള്ള തിരിച്ചറിവിലേക്ക് നീ കടന്നു വരിക. അത് ഇല്ലാത്തവരും ആയി നീ പങ്കുവേക്കുമ്പോള് കര്ത്താവ് നിന്നെ വീണ്ടും വീണ്ടും അനുന്ഗ്രഹിക്കും. അതിലുപരി നീ ദൈവ രാജ്യത്തിന് അവകാശി ആയി തീരുകയും ചെയും. വിശുദ്ധ ബലി ഒരു വലിയ പങ്ക് വെക്കലിന്റെ ഓര്മ്മയാണ്. ഈ ബലിയില് അതിനായി നമുക്ക് പ്രാര്ത്ഥിക്കാം ബലിക്ക് ശേഷം അതിനായി പ്രവര്ത്തിക്കാം.

-Fr. Manoj Ponkattil, Adilabad Diocese.
- www.SundayPulpit.In